# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.1953/21/ഓംബു/എസ്റ്റ-എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
10/07/2023

## സർക്കുലർ

**വിഷയം:-** തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിൽ നടത്തുന്ന വഴിപാടുകൾക്ക് പ്രൊപ്പോസൽ ഉണ്ടായിരിക്കേണ്ടതും -ഭക്തരിൽ നിന്നും വഴിപാടിനായി കൈപ്പറ്റുന്ന മുഴുവൻ തുകയ്ക്കും രസീത് നൽകുക എന്നീ സംഗതികൾ സംബന്ധിച്ച്.

**സൂചന:-** ബഹു:ഹൈക്കോടതിയുടെ 07/02/2023 -ലെ DBP.29/2022 നമ്പർ കേസിലെ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽ വരുന്ന ക്ഷേത്രങ്ങളിൽ പ്രൊപ്പോസൽ ഇല്ലാതെ വഴിപാടുകൾ നടത്തുന്നതായും, ഭക്തരിൽ നിന്നും വഴിപാട് നടത്തുന്നതിനായി കൈപ്പറ്റുന്ന മുഴുവൻ തുകയ്ക്കും രസീത് നൽകുന്നില്ലായെന്നും കേരള സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് നടക്കുന്ന അവസരത്തിൽ കാണപ്പെടുന്നതായി ബഹു:ഓംബുഡ്സമാന്റേയും, ബഹു:ഹൈക്കോടതി യുടേയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ക്ഷേത്രങ്ങളിൽ നടത്തുന്ന എല്ലാ വഴിപാടുകൾക്കും പ്രൊപ്പോസൽ ഉണ്ടാകേണ്ടതും, ഭക്തരിൽ നിന്നും വഴിപാടിനായി വാങ്ങുന്ന മുഴുവൻ തുകയ്ക്കും രസീത് നൽകണമെന്നും ചട്ടം നിലനിൽക്കുന്നു. ഇത്തരത്തിൽ വ്യക്തമായ ചട്ടം നിലനിൽക്കെ ആയതിനു വിരുദ്ധമായി തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്നത് യാതൊരു കാരണവശാലും അംഗീകരിക്കത്തക്കതല്ല.

ബോർഡ് പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ പാലിക്കാതിരിക്കുന്നത് വരുതിനിഷേധ മായേ കാണാനാകൂ. അതുകൊണ്ട് തന്നെ അത്തരം പ്രവർത്തികൾ കർശന ശിക്ഷണ നടപടികൾക്ക് വഴിയൊരുക്കുന്നതുമാണ്.

ഈ സാഹചര്യത്തിൽ, പ്രൊപ്പോസൽ ഇല്ലാത്ത വഴിപാടുകൾ ദേവസ്വങ്ങളിൽ നടത്തുവാൻ പാടില്ലെന്നും വഴിപാടിനായി വാങ്ങുന്ന മുഴുവൻ തുകയും ആവശ്യമുള്ള പക്ഷം വഴിപാടിനാവശ്യമായ സാധനങ്ങളുടെ മുഴുവൻ അളവും രസീതിൽ രേഖപ്പെടുത്തി നൽകുന്നതിന് വീഴ്ചയുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

AR.10/07

Copy to
IT Division